## പതിമൂന്നാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2168. 07.12.2015 ൽ മറുപടിയ്ക്ക്.

### ഗതാഗത നിയമ ലംഘനം കണ്ടെത്താൻ പദ്ധതി

| ചോദ്യം<br>ശ്രീ.പാലോട് രവി<br>,, ജോസഫ് വാഴയ്ക്കൻ<br>,, ഐ.സി.ബാലകൃഷ്ണൻ<br>,, ആർ . സെൽവരാജ് | | ഉത്തരം<br>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | ഗതാഗത നിയമം ലംഘിക്കുന്നവരെ കണ്ടെത്താൻ എന്തെല്ലാം കർമ്മ പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത് ; | (എ) | റോഡ് അപകടങ്ങൾ സൃഷ്ടിക്കുന്നതിൽ പ്രധാന കാരണങ്ങളിൽ ഒന്നായ അമിത വേഗത നിയന്ത്രിക്കുന്നതിനായി മോട്ടോർ വാഹന വകുപ്പ് നിരവധി നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അതിന്റെ ഭാഗമായി സ്റ്റേജ് കാര്യേജുകളിലും ഹെവി വാഹന -ങ്ങളിലും സ്കൂൾ വാഹനങ്ങളിലും ടിപ്പർ വാഹനങ്ങളിലും സ്പീഡ് ഗവർണർ നിർബന്ധമാക്കിയിട്ടുണ്ട്. സ്പീഡ് ട്രേസറുകൾ, മൊബൈൽ എൻഫോഴ്സ് മെന്റ് സ്ക്വാഡ് എന്നിവ മുഖാന്തിരമുള്ള വാഹന പരിശോധനകളിലും ഓഫീസ് തലങ്ങളിൽ നടത്തുന്ന ചെക്കിങ്ങുകളിലും അമിത വേഗത്തി -ലോടുന്ന വാഹനങ്ങൾക്കെതിരെ കർശന നടപടികൾ സ്വീകരിക്കുന്നുണ്ട്. മദ്യപിച്ചും അശ്രദ്ധയോടെയും വാഹനം ഉപയോഗിക്കുന്നവരുടെ ലൈസൻസ് |

| | | | |
|---|---|---|---|
| | | | കണ്ടുകെട്ടുക, സസ്പെൻഡ് ചെയ്യുക, പിഴ ഈടാക്കുക തുടങ്ങിയ നടപടികൾ സ്വീകരിച്ചു വരുന്നു. ജില്ലാ തലങ്ങളിൽ സ്പീഡ് ട്രേസറുകൾ ഉപയോഗിച്ചും മേഖലാ തലത്തിൽ അത്യാധുനിക റഡാർ സംവിധാനമുള്ള ഇന്റർസെപ്റ്ററുകൾ ഉപയോഗിച്ചും വാഹനങ്ങളുടെ അമിത വേഗത കണ്ടുപിടിക്കുകയും പിഴ ഈടാക്കുകയും ചെയ്യുന്നുണ്ട്. കൂടാതെ പോലീസ് വകുപ്പുമായി ചേർന്ന് സംയുക്ത വാഹന പരിശോധനയും നടത്തി വരുന്നു. ഗതാഗത നിയമ ലംഘകരെ കണ്ടെത്തുകയും അമിത വേഗത്തിലും അലക്ഷ്യമായും വാഹനമോടിക്കുന്നവരെ പിടികൂടുകയും അവർക്കെതിരെ പിഴ ചുമത്തുകയും നിയമ നടപടികൾ സ്വീകരിക്കുകയും ചെയ്യുക വഴി നിയമ ലംഘനങ്ങളും അപകടങ്ങളും കുറയ്ക്കുന്നതിനും മോട്ടോർ വാഹന വകുപ്പ് വിവിധ സ്ഥലങ്ങളിൽ നിരീക്ഷണ ക്യാമറകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതികൾ നടപ്പിലാക്കി വരുന്നു. ദേശീയപാതയിൽ ചേർത്തല മുതൽ മഞ്ചേശ്വരം വരെയും, കണ്ണൂർ, തൃശ്ശൂർ, പാലക്കാട്, എറണാകുളം, കോട്ടയം, കൊല്ലം എന്നിവിടങ്ങളിലായി വിവിധ സ്ഥലങ്ങളിലും ക്യാമറാ നിരീക്ഷണ സംവിധാനങ്ങൾ സ്ഥാപിച്ചു കഴിഞ്ഞു. |

| | | | |
|---|---|---|---|
| (ബി) | എന്തെല്ലാം ലക്ഷ്യങ്ങളാണ് പദ്ധതി വഴി കൈവരിക്കാനുദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ; | (ബി) | വാഹനാപകടങ്ങളും തൻമൂലമുണ്ടാകുന്ന മരണങ്ങളും കുറയ്ക്കുക, നിയമ ലംഘകരെ കണ്ടെത്തി പിഴ ഈടാക്കുക, അവരെ ബോധവൽക്കരിക്കുന്നതു വഴി തുടർ നിയമ ലംഘനങ്ങൾ ഒഴിവാക്കുകയും ഒരു നല്ല റോഡ് ഗതാഗത സംസ്കാരം നടപ്പിൽ വരുത്തുകയും ചെയ്യുക. |
| (സി) | പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചി -ട്ടുണ്ട്? | (സി) | മോട്ടോർ വാഹന വകുപ്പിന്റെ കീഴിലുള്ള മുഴുവൻ എൻഫോഴ്സ്മെന്റ് ഉദ്യോഗസ്ഥ -രുടേയും സേവനം ഇതിനായി പ്രയോജനപ്പെടുത്തുന്നുണ്ട്. കൂടാതെ വകുപ്പിന്റെ പക്കലുള്ള വാഹനങ്ങളും എൻഫോഴ്സ്മെന്റ് ഉപകരണങ്ങളും ഇതിനായി ഉപയോഗിക്കുന്നു. ഓരോ വർഷവും പദ്ധതിയിനത്തിൽ തുക അനുവദിച്ചു കൊണ്ട് എൻഫോഴ്സ്മെന്റ് ഓട്ടോമേഷൻ നടപ്പാക്കി വരുന്നു. ഡ്രൈവിംഗ് ടെസ്റ്റും വാഹനങ്ങളുടെ ഫിറ്റ്നെസ് പരിശോധനയും ശാസ്ത്രീയ -മായും കുറ്റമറ്റ രീതിയിലും നടത്തുന്നതിനായി ഘട്ടം ഘട്ടമായി കമ്പ്യൂട്ടറൈസ്ഡ് വെഹിക്കിൾ ടെസ്റ്റിംഗ് സ്റ്റേഷനുകളും ഡ്രൈവർ ടെസ്റ്റിംഗ് ട്രാക്കുകളും സ്ഥാപിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ.